Secretary
Koothattukulam Municipality
Koothattukulam P.O.
Ernakulam Dist.
Kerala, Pin:- 686662
Ph: 0485 2252350

15 YEARS OF CELEBRATING THE MAHATMA

# കൂത്താട്ടുകുളം നഗരസഭ

e-mail :- kklmmunicipality@gmail.com

**File No: R2-342/23** **Date: 20/06/2023**

## ലേലം / ക്വട്ടേഷൻ നോട്ടീസ്

കൂത്താട്ടുകുളം നഗരസഭ പ്രൈവറ്റ് ബസ് സ്റ്റാൻഡിനും കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിനും മദ്ധ്യത്തിലായുള്ള നഗരസഭ വക സ്ഥലത്ത് വാഹന പാർക്കിംഗ് ഫീസ് പിരിവ് അവകാശം 2023-24 കാലയളവിലേയ്ക്ക് ലേലം / ക്വട്ടേഷൻ മുഖേന അനുവദിച്ച് നൽകുന്നു. 2023 ജൂൺ മാസം 27–ാം തീയതി ചൊവ്വാഴ്ച 12:00PM ന് കൂത്താട്ടുകുളം നഗരസഭ കോൺഫറൻസ് ഹാളിൽ വെച്ച് നഗരസഭ കൗൺസിൽ അംഗീകരിച്ച ലേലവ്യവസ്ഥകൾക്ക് വിധേയമായി ലേലം നടത്തുന്നതാണ്. പ്രസ്തുത നഗരസഭ വക സ്ഥലം ലേലം / ക്വട്ടേഷൻ മുഖേന അനുവദിച്ച് നൽകുന്നതിനായി അടിസ്ഥാന ഡെപ്പോസിറ്റ് നിരക്ക് 25,000 /- രൂപയായും, പ്രതിമാസ ഫീസ് 10,000 /- രൂപയായും നിശ്ചയിച്ചിട്ടുള്ളതും പ്രതിമാസ ഫീസിന്മേൽ ലേലം / ക്വട്ടേഷൻ നടത്തുന്നതുമാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം രാവിലെ 11:30-ന് മുമ്പായി 1000 /- രൂപ നിരതദ്രവ്യം അടച്ച് നഗരസഭയിൽ അപേക്ഷ നൽകേണ്ടതാണ്. ക്വട്ടേഷൻ നൽകുന്നതിന് താൽപ്പര്യമുള്ളവർ ആവശ്യമായ EMD ഒടുക്കിയ രസീത് സഹിതം 26/06/2023 വൈകിട്ട് 4:00 PM ന് മുമ്പായി നഗരസഭയിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്.

ലേല ദിവസം ഏതെങ്കിലും കാരണവശാൽ അവധിയായി പ്രഖ്യാപിക്കപ്പെട്ടാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേസ്ഥലത്തും സമയത്തും വെച്ച് ലേലം നടത്തുന്നതാണ്. ലേലം നിർത്തി വെക്കുന്നതിനും മാറ്റി വെയ്ക്കുന്നതിനും മുനിസിപ്പൽ സെക്രട്ടറിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ലേലം സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ **www.tender.lsgkerala.gov.in** എന്ന വെബ്സൈറ്റിലും നഗരസഭ റവന്യൂ സെക്ഷനിൽ നിന്നും ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്.

OFFICE OF THE KOOTHATTUKULAM MUNICIPALITY KOOTHATTUKULAM ERNAKULAM DT. 686662

സെക്രട്ടറി
കൂത്താട്ടുകുളം നഗരസഭ